ഖരമാലിന്യ നിർമ്മാർജ്ജനം

101 [3490] ശ്രീ. ഡി. സുഗതൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, അടൂർ പ്രകാശ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യം ഉണ്ട്;

(ബി) ഖര മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ യന്ത്രസംവിധാനമില്ലാത്ത മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും എത്രയെണ്ണമുണ്ട്;

(സി) ഇവ ഏത് വിധത്തിലാണ് ഖര മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും സ്രോതസ്സിൽ നിന്ന് ഖര മാലിന്യം ശേഖരിക്കുന്നതിനും ഡംപിംഗ് യാർഡിൽ എത്തിക്കുന്നതിനുമുള്ള സൗകര്യമുണ്ട്. എന്നാൽ 45 മുനിസിപ്പാലിറ്റികൾക്കും 5 കോർപ്പറേഷനുകൾക്കുമാണ് സ്വന്തമായി ഡംപിംഗ് യാർഡ് ഉള്ളത്. 7 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും ഖര മാലിന്യ സംസ്ക്കരണത്തിന് ഭാഗിക സംവിധാനവും ഒരു കോർപ്പറേഷനിൽ പൂർണ്ണ സംവിധാനവുമുണ്ട്.

(ബി) ഒരു കോർപ്പറേഷനിലും, 46 മുനിസിപ്പാലിറ്റികളിലും ഖര മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ യന്ത്രസംവിധാനമില്ല.

(സി) ഖരമാലിന്യ നിർമ്മാർജ്ജനത്തിന് യന്ത്ര സംവിധാനമില്ലാത്ത നഗരസഭകൾ, നഗരസഭകളുടെ സ്വന്തം സ്ഥലത്തോ സ്വകാര്യ വ്യക്തിയുടെ സ്ഥലത്തോ മാലിന്യം നിക്ഷേപിക്കുന്ന രീതിയാണ് ഇപ്പോൾ അവലംബിച്ചുവരുന്നത്.

പെൻഷൻ കൈപ്പറ്റുന്നവരുടെ ലൈഫ് സർട്ടിഫിക്കറ്റ്

102 [3491] ശ്രീ. കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞവർക്കും മണി ഓർഡർ വഴി പെൻഷൻ കൈപ്പറ്റുന്നവർക്കും ലൈഫ് സർട്ടിഫിക്കറ്റ് ആര് മുഖാന്തിരമാണ് നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗസറ്റഡ് ഓഫീസർമാർ നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകാര്യമാണോ;

(സി) ഇപ്പോൾ വില്ലേജ് ഓഫീസർ മുഖാന്തിരം തന്നെ നൽകണമെന്നുള്ള വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ ഗസറ്റഡ് ഓഫീസർമാർ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റ് സ്വീകരിക്കാൻ ഉചിതമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോർപ്പറേഷനിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞവർക്കും മണി ഓർഡർ വഴി പെൻഷൻ കൈപ്പറ്റുന്നവർക്കും ലൈഫ് സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാർ/ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഗസറ്റഡ് ഓഫീസർമാരാണ് നല്കി വരുന്നത്.

(ബി) സ്വീകാര്യമാണ്.

(സി) ഇല്ല.

(ഡി) ഗസറ്റഡ് ഓഫീസർമാർ നൽകിവരുന്ന ലൈഫ് സർട്ടിഫിക്കറ്റ് അംഗീകരിച്ചുകൊണ്ടാണ് ഇപ്പോൾ കോർപ്പറേഷനുകളിൽനിന്നും പെൻഷൻ പറ്റി പിരിഞ്ഞവർക്കും മണി ഓർഡർ വഴി പെൻഷൻ കൈപ്പറ്റുന്നവർക്കും പെൻഷൻ അനുവദിച്ച് നല്കുന്നത്.

നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും വികസനത്തിന് ലോകബാങ്കിൽ നിന്നും എ. ഡി. ബി.-യിൽ നിന്നും വായ്പ

103 [3492] ശ്രീ. വർക്കല കഹാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. മുരളി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും എന്നുവരെയുള്ള കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ കണക്ക് തയ്യാറാക്കുന്ന കാര്യത്തിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(സി) നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും വികസനത്തിന് ലോക ബാങ്കിൽനിന്നും എ. ഡി. ബി.-യിൽ നിന്നും വായ്പ എടുക്കുവാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly